# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4257 16/12/2014-ൽ മറുപടിക്ക്

## അട്ടപ്പാടി മേഖലയിൽ ശിശുമരണവുമായി ബന്ധപ്പെട്ട് പാലക്കാട് എം.പി. നടത്തിയ നിരാഹാരസമരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി മേഖലയിൽ ശിശുമരണവുമായി ബന്ധപ്പെട്ട് പാലക്കാട് എം.പി. നടത്തിയ നിരാഹാരസമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിരാഹാരം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (ബി) | വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഒറ്റപ്പാലം സബ് കളക്ടറെ നോഡൽ ഓഫീസറായി സർക്കാർ നിയമിച്ചിട്ടുണ്ട്. കൂടാതെ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ജനകീയ സമിതി രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിന്മേൽ എന്തെല്ലാം നടപടികൾ ആരംഭിച്ചു; നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയതിനുശേഷം അട്ടപ്പാടി പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി യോഗം വിളിച്ച്ചേർത്തിട്ടുണ്ടോ; എങ്കിൽ എന്നാണ് യോഗം ചേർന്നത് എന്നും ഏതെല്ലാം ഉദ്യോഗസ്ഥർ പങ്കെടുത്തുവെന്നും അറിയിക്കുമോ; യോഗതീരുമാനങ്ങൾ എന്തൊക്കെയായിയിരുന്നു; | (സി) | ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചതിനു ശേഷം വിവിധ വകുപ്പുകളുടെ അവലോകനയോഗങ്ങൾ നടത്തിയിരുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ സമർപ്പിക്കുന്നു. (പട്ടിക താഴെ)<br>ഈ യോഗങ്ങളിൽ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. |

| അവലോകന യോഗങ്ങൾ നടന്ന തീയതി | പങ്കെടുത്ത വകുപ്പുകൾ |
|---|---|
| 24.11.2014 | എക്സൈസ്, വനം, മൃഗസംരക്ഷണം, കൃഷി, RSBY |
| 25.11.2014 | ഹെൽത്ത്, NRLM (കുടുംബശ്രീ) |
| 26.11.2014 | വാട്ടർ അതോറിറ്റി, സിവിൽസപ്ലൈസ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ |
| 06.12.2014 | MGNREGS, പോലീസ്, DMO ആയൂർവേദം, ഹോമിയോ. |
| 08.12.2014 | KSEB, PWD, മൈനർ ഇറിഗേഷൻ |
| 09.12.2014 | പട്ടികവർഗ്ഗവികസനം, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, പി.വി.റ്റി.ജി. |

| | | | |
|---|---|---|---|
| (ഡി) | സർക്കാർ തീരുമാനപ്രകാരം അട്ടപ്പാടി ജനകീയ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള ഉത്തരവുകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഉത്തരവ് എപ്പോഴാണ് നൽകിയത്? | (ഡി) | ജനകീയ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

Haripriya

**സെക്ഷൻ ഓഫീസർ**